# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

**VOL. XLVIII** **July 2018** **No. 07**


| | | *page* |
|---|---|---|
| | **ARTICLES** | |
| എം. മുഹമ്മദ് ഹാരിസ് | പട്ടികജാതിവിഭാഗങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും [യോജന, ജൂലൈ 2018] | 1-12 |
| ജേക്കബ്ബ് സാംസൺ | വികസന സ്വപ്നങ്ങളുമായി വിഴിഞ്ഞം തുറമുഖം [യോജന, ജൂലൈ, 2018 | 13-22 |
| Alok Prasanna Kumar | National Register of Citizens and the Supreme Court [Economic & Political Weekly, 21 July, 2018] | 23-26 |
| Yoginder K. Alagh | The Next Stage of Planning in India [Economic & Political Weekly, 21 July, 2018] | 27-35 |
| | **BOOK REVIEW** | |
| R. Prasannan | Pioneer who printed from Prision "Hicky's Bengal Gazette : The Untold Story of India's First Newspaper:" written by Andrew Otis [The Week, 29 July, 2018 ] | 36-37 |
| | **LEGISLATIVE BUSINESS** | |
| | Resume of Business - 2nd Session of the 12th Tripura Legislative Assembly | 38-42 |

FOCUS



## പട്ടികജാതിവിഭാഗങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളും

**എം. മുഹമ്മദ് ഹാരിസ്**

ഇരുപത്തൊന്നാം നൂറ്റാണ്ടിലൂടെയുള്ള ഇന്ത്യയുടെ ജൈത്രയാത്ര സമൂഹത്തിലെ താഴെക്കിടയിലുള്ള പട്ടികജാതി ഗോത്രവർഗ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനവും സമഗ്ര പുരോഗതിയും ലക്ഷ്യം വയ്ക്കുന്നതാണ്. സമൂഹത്തിലെ അടിത്തട്ടിലുള്ള വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതികളും നിലവിലുണ്ട്. സമൂഹത്തിലെ ഓരോ വ്യക്തിയുടേയും വളർച്ചയും വികസനവുമാണ് രാഷ്ട്രത്തിന്റെ യഥാർത്ഥ പുരോഗതി.

2011 ലെ കാനേഷുമാരി പ്രകാരം ഇന്ത്യയിലെ പട്ടികജാതി ജനസംഖ്യ 16.6 ശതമാനവും പട്ടികവർഗ ജനസംഖ്യ 8.6 ശതമാനവുമാണ്. ഇന്ത്യൻ സമൂഹത്തിൽ സാമ്പത്തികമായി വളരെ പിന്നാക്കം നില്ക്കുന്നവരാണ് ജനസംഖ്യയിലെ 25 ശതമാനത്തിലധികം വരുന്ന ദളിത് ജനവിഭാഗങ്ങൾ. കേരളത്തിലെ പട്ടികജാതി ജനസംഖ്യ മുപ്പത് ലക്ഷത്തി നാല്പതിനായിരത്തോളമാണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ 9.10 ശതമാനമാണ്. കേരളത്തിലെ പട്ടികവർഗക്കാരുടെ ജനസംഖ്യ 4.85 ലക്ഷത്തോളമാണ്. ഇതു സംസ്ഥാന ജനസംഖ്യയുടെ 1.45 ശതമാനമാണ്.

**ഇന്ത്യയിലേയും കേരളത്തിലേയും പട്ടികജാതി-പട്ടികവർഗ ജനസംഖ്യാനുപാതം**

| വർഷം | പട്ടികജാതി | | പട്ടികവർഗം | |
|---|---|---|---|---|
| | ഇന്ത്യ | കേരളം | ഇന്ത്യ | കേരളം |
| 1981 | 15.81 | 10.01 | 7.83 | 1.03 |
| 1991 | 16.48 | 9.94 | 8.08 | 1.10 |
| 2001 | 16.23 | 9.81 | 8.15 | 1.14 |
| 2011 | 16.60 | 9.10 | 8.60 | 1.45 |

FOCUS



ലോകത്തെ എല്ലാ സമൂഹങ്ങളിലും ആധുനിക നാഗരികതയുടെയും സാങ്കേതിക വിദ്യയുടെയും സൗകര്യങ്ങൾ അനുഭവിക്കാൻ കഴിയാത്ത ജനവിഭാഗങ്ങളുണ്ട്. മനുഷ്യ വികാസത്തിലെ ഏറ്റവും ഉന്നതമായ സൂചികയുള്ള അമേരിക്കൻ ഐക്യനാടുകളിലും അറബ് ഐക്യനാടുകളിലും ആസ്ട്രേലിയയിലും നാഗരികതയുടെ വികസനത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ കഴിയാത്ത ജനവിഭാഗങ്ങളുണ്ട്. ഇവരുടെകൂടി വികസനം ഉറപ്പുവരുത്താതെ സമൂഹത്തിന്റെ വികാസം സാദ്ധ്യമല്ല. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും സമഗ്രവികസനത്തിലൂടെ മാത്രമാണ് രാജ്യത്തിന്റെ പുരോഗതിയും വികസനവും സാധ്യമാകുന്നത്. നാം ഇന്ന് ജീവിക്കുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിൽ വികസിതമായ പുരോഗതി നേടിയ ഭാരതം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന പദ്ധതികൾ കൂടാതെ പൂർണമായോ ഭാഗികമായോ കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണമന്ത്രാലയത്തിനു കീഴിൽ നടപ്പിലാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുകയിലും ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 2018-19 സാമ്പത്തികവർഷം കേന്ദ്രഗവൺമെന്റ് 317 കോടി 48 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അഞ്ച് ബഹുമുഖ മേഖലകളിലാണ് പട്ടികജാതി വികസന മേഖലയിൽ കേന്ദ്രസഹായം ലഭിക്കുന്നത്. വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക, നിയമാധിഷ്ഠിത, പാർപ്പിട മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വിദ്യാഭ്യാസ പുരോഗതിയാണ് ഏതു സമൂഹത്തിന്റേയും വളർച്ചയുടെ അളവുകോൽ. അതിനാൽ തന്നെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് ശ്രദ്ധയൂന്നുന്നു. സ്കൂൾ കുട്ടികൾക്കും മുതിർന്ന വിദ്യാർത്ഥികൾക്കും പ്രത്യേകമായാണ് സഹായധനം നൽകുന്നത്. 14 വയസിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകേണ്ടത് രാഷ്ട്രത്തിന്റെ ഉത്തരവാദിത്തമാണ്. കേന്ദ്രസർക്കാർ പട്ടികജാതി വിഭാഗത്തിലെ സ്കൂൾ കുട്ടികൾക്കുള്ള പഠന വേതനത്തിനുവേണ്ടി 22 കോടി രൂപയും മുതിർന്ന വിദ്യാർത്ഥികൾക്കുള്ള പഠനവേതന (സ്കോളർഷിപ്പ്) ത്തിനുവേണ്ടി 150 കോടി രൂപയും ഈ സാമ്പത്തിക വർഷം നൽകുന്നു.



പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും സാമൂഹ്യ-വിദ്യാഭ്യാസ വളർച്ചയ്ക്ക് ഹോസ്റ്റൽ നിർമ്മാണത്തിനും സഹായധനം നൽകുന്നു.

കേന്ദ്രസർക്കാരിന്റെ മാനദണ്ഡപ്രകാരം അംഗീകൃത കോളേജുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലയിൽ പ്രവർത്തിക്കുന്ന അക്കാഡമിക് സ്ഥാപനങ്ങൾ, സ്വാശ്രയസ്ഥാപനങ്ങളിൽ പഠിക്കുന്ന രണ്ടരലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ സ്കൂൾ കുട്ടികൾ എന്നിവർക്ക് 100 ശതമാനം കേന്ദ്രസഹായത്തോടെ പഠനവേതനം അനുവദിച്ചു വരുന്നു. ഇത് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകുന്നത്. ഈ പദ്ധതി പ്രകാരം 2014-15 - ലെ കുടിശ്ശിക ഉൾപ്പെടെ 9131 ലക്ഷം രൂപ കേന്ദ്രസഹായം ലഭിക്കാനുള്ളതിൽ 2017 മേയ് മാസത്തിനകം 7522.6 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 1608.4 ലക്ഷം രൂപയും 2016-17 ൽ ചെലവഴിക്കപ്പെട്ട തുകയിൽ സംസ്ഥാനം വഹിക്കേണ്ട തുക കിഴിച്ച് 5174 ലക്ഷം രൂപയും ഉൾപ്പെടെ 6782.4 ലക്ഷം രൂപ 2017-18 വർഷം ലഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം ചെലവഴിച്ച തുകയായ 13294.44 ലക്ഷം രൂപയിൽ സംസ്ഥാനം വഹിക്കേണ്ട തുക കിഴിച്ച് 6373.62 ലക്ഷം രൂപ മാത്രമേ കേന്ദ്ര ധനസഹായം ലഭിക്കാനുള്ളു. കേരള സർക്കാരാകട്ടെ രണ്ടര ലക്ഷമെന്ന വരുമാന പരിധി ബാധകമാക്കാതെ എല്ലാ പട്ടികവിഭാഗ വിദ്യാർത്ഥികൾക്കും പഠനവേതനം നൽകുന്നു. ഇതിനുള്ള തുക സംസ്ഥാന സർക്കാരാണ് കണ്ടെത്തുന്നത്.

2017-18 വർഷം ലഭിച്ച 6782.4 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഒഴികെ ബാക്കി തുകയുടെ വിനിയോഗസർട്ടിഫിക്കറ്റ് കേന്ദ്രത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോഴത്തെ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന പട്ടികജാതി വിഭാഗത്തിലെ മുതിർന്ന വിദ്യാർത്ഥികൾക്കുള്ള പഠനവേതനത്തെ കുറിച്ചുള്ള പട്ടിക താഴെ കാണുക.

| വർഷം | യഥാർത്ഥ ചെലവ് | സംസ്ഥാനം വഹിക്കേണ്ടത് | കേന്ദ്ര സർക്കാരിൽ നിന്നും കിട്ടേണ്ടത് | കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത് (മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെ) |
|---|---|---|---|---|
| 2014-15 | 14447.38 | 6920.91 | 7526.47 | 4200 |
| 2015-16 | 12757.86 | 6920.91 | 5836.96 | 9131 |
| 2016-17 | 12095.9 | 6920.91 | 5174.90 | 5174 |
| 2017-18 | 13294.44 | 6920.91 | 6373.62 | 0 |
| മൊത്തം തുക | 52595.58 | 27683.64 | 24915.03 | 18505 |

(ലക്ഷം രൂപയിൽ)



കഴിഞ്ഞ നാലുവർഷമായി ഈയിനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക 185 കോടി 5 ലക്ഷം രൂപയാണ്. 2017-18 വർഷം കേന്ദ്രം നൽകിയ 6782.4 ലക്ഷം രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിനു ലഭ്യമാക്കുന്നതോടെ കേന്ദ്രസഹായം പൂർണമായും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇനി 6373.62 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതമായി ഈയിനത്തിൽ ലഭിക്കാനുള്ളത്.

100 ശതമാനം കേന്ദ്ര ധനസഹായത്തോടെ രണ്ടര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനവേതനം (സ്കോളർഷിപ്പ്) ലഭിക്കുന്നു. 2016-17 മുതൽ ദിവസേന സ്കൂളിൽ വന്ന് പഠിക്കുന്ന കുട്ടികൾക്ക് 3000 രൂപയും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് 6250 രൂപയും സ്കോളർഷിപ്പ് ലഭിക്കും. കഴിഞ്ഞ നാലു വർഷമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 9,10 ക്ളാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന സഹായധനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **യഥാർത്ഥ ചെലവ്** | **കേന്ദ്രസഹായം ലഭിക്കേണ്ടത്** | **കേന്ദ്ര ഗവൺമെന്റിൽ നിന്നു ലഭിച്ച സഹായം** |
|---|---|---|---|
| 2014-15 | 1668.76 | 1668.76 | 1159.33 |
| 2015-16 | 1655.5 | 1655.5 | 1731.06 |
| 2016-17 | 1653.13 | 1653.13 | 1654.25 |
| 2017-18 | 2081.05 | 2081.05 | 0 |
| **മൊത്തം തുക** | **7058.44** | **7058.44** | **4544.64** |

(ലക്ഷം രൂപയിൽ)

കേന്ദ്ര സർക്കാരിൽ നിന്നും 9,10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു സ്കോളർഷിപ്പ് ഇനത്തിൽ ലഭിക്കുന്ന ധനസഹായം വർദ്ധിപ്പിച്ചത് തീർച്ചയായും പട്ടിക വിഭാഗങ്ങളുടെ വിദ്യാഭ്യാസാവസ്ഥ മെച്ചപ്പെടുത്തും. 2017-18 കാലയളവിൽ സംസ്ഥാന സർക്കാർ ചെലവാക്കിയ 2081.05 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും തിരിച്ചു ലഭിക്കാനുണ്ട്.



ഏതുസമൂഹത്തിന്റെയും വളർച്ചയും വികാസവും ശക്തമായ സാമ്പത്തികാഭിവൃദ്ധിയിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. വ്യവസായ-വാണിജ്യരംഗത്ത് പട്ടിക വിഭാഗങ്ങളുടെ പങ്കാളിത്തം വളരെ മോശമാണ്. അതിനാൽ സാമ്പത്തികമായി പട്ടികജാതി വിഭാഗത്തെ ശാക്തീകരിക്കുന്നതിനു വേണ്ടി കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് തയ്യാറാക്കുന്ന പദ്ധതികൾക്കാണ് സഹായധനം നൽകുന്നത്. നിലവിലെ കേന്ദ്രസർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച തുകയാണ് താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിരിക്കുന്നത്.

| വർഷം | കേരളം ചെലവാക്കിയ തുക | കേന്ദ്രസഹായം കിട്ടേണ്ടത് | കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച സഹായം |
|---|---|---|---|
| 2015-16 | 1057.02 | 1057.02 | 1057.02 |
| 2016-17 | 1063.05 | 1063.85 | 914.04 |
| 2017-18 | 882.03 | 882.03 | 1452.00 |
| മൊത്തം തുക | 3002.9 | 3002.9 | 3423.00 |

(ലക്ഷം രൂപയിൽ)

പട്ടിക വിഭാഗങ്ങൾ ഏറിയപങ്കും കേന്ദ്രീകരിച്ചിരിക്കുന്നത് ചെറുകിട തൊഴിൽമേഖലകളിലും കൂലിപ്പണിയിലുമാണ്. വൻകിട കച്ചവട കേന്ദ്രങ്ങൾക്കിടയിൽ ദളിത് പ്രാതിനിധ്യം വളരെ കുറവാണ്. ദളിത് വിഭാഗങ്ങളുടെ കച്ചവട സംഘങ്ങൾ സംഘടിപ്പിക്കുന്നതിന് 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന പരിപാടി ഏറെ ശ്രദ്ധനേടിയിരിക്കുന്നു. ദളിത് വിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് ഈ പദ്ധതി ഏറെ സഹായകമായി. ഈ പരിപാടിയിൻ കീഴിൽ വ്യവസായ-വ്യാപാര യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് സഹായധനം നൽകുന്നത്. ഈ സാമ്പത്തിക വർഷം (2018-19) അഞ്ച് കോടി രൂപ കേന്ദ്ര സഹായധനം ഈ പദ്ധതിയിൻ കീഴിൽ കേരളത്തിന് ലഭിക്കുന്നതാണ്.

വിദ്യാഭ്യാസ പുരോഗതിയാണ് വ്യക്തികളുടേയും സമൂഹങ്ങളുടേയും വളർച്ചയുടെ അളവുകോൽ. 9-ാം ക്ലാസു മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിവർഷം 16,000 രൂപയും ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് 25,000 രൂപയും ലഭിക്കും. കഴിഞ്ഞ നാലു



വർഷമായി ലഭിക്കുന്ന കേന്ദ്ര സഹായധനത്തിന്റെ പട്ടിക ചുവടെ ചേർക്കുന്നു. ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ കേന്ദ്രസഹായധനം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

| വർഷം | ചെലവ് | കേന്ദ്രസഹായം കിട്ടേണ്ടത് | ലഭിച്ച സഹായം |
|---|---|---|---|
| 2014-15 | 9 | 9 | 5.87 |
| 2015-16 | 6.16 | 6.16 | 10.68 |
| 2016-17 | 5.12 | 5.12 | 5.12 |
| 2017-18 | 9.12 | 9.12 | 8.19 |
| **മൊത്തം തുക** | 29.4 | 29.4 | 28.86 |

**(തുക ലക്ഷം രൂപയിൽ)**

വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ദളിത് വിഭാഗത്തിൽപ്പെട്ടവരുടെ സ്കൂൾ കുട്ടികൾക്കുള്ള പഠനവേതനം നൽകുന്നതിന് 100 ശതമാനവും കേന്ദ്ര സഹായം ലഭിക്കുന്നു.

പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള 10 പദ്ധതികൾക്ക് 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്നു. 2018-19 സാമ്പത്തിക വർഷം 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പരിപാടികൾക്ക് 192 കോടി 70 ലക്ഷം രൂപ സഹായധനം ലഭിക്കുമെന്ന് കണക്കാക്കുന്നു. കേന്ദ്രസഹായം ലഭിക്കുന്ന 10 പദ്ധതികളും തുകയും ചുവടെ ചേർക്കുന്നു.

| നം. | പരിപാടിയുടെ പേര് | പ്രതീക്ഷിക്കുന്ന കേന്ദ്രസഹായം |
|---|---|---|
| 1. | മുതിർന്ന കുട്ടികൾക്കുള്ള പഠനവേതനം | 15000 |
| 2. | പഠന നിലവാരം ഉയർത്തൽ | 20 |
| 3. | മുതിർന്ന പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യമൊരുക്കൽ | 400 |
| 4. | സ്കൂൾ കുട്ടികൾക്കുള്ള പഠനവേതനം | 2200 |
| 5. | വൃത്തിഹീനതൊഴിലുകളിൽ ഏർപ്പെടുന്നവർക്കുള്ള സഹായം | 50 |
| 6. | സാമ്പത്തിക അഭിവൃദ്ധിക്കുള്ള പരിപാടി | 500 |
| 7. | ക്രയശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി | 700 |
| 8. | പ്രധാനമന്ത്രി ആദർശ് യോജന | 100 |
| 9. | സന്നദ്ധ സംഘടനകൾക്കുള്ള സഹായം | 50 |
| 10. | ദേശീയ സഫായ് കർമ്മചാരി കോർപ്പറേഷനുള്ള സഹായധനം | 250 |
| | 100 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന 10 പരിപാടികൾക്കുള്ള മൊത്തം സഹായം | **19270** |

(തുക ലക്ഷം രൂപയിൽ)



ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന അഞ്ച് പദ്ധതികൾക്കായി 109 കോടി 78 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം കേന്ദ്ര സഹായമായി കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

അഞ്ച് ഇതര കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും അതിനുള്ള കേന്ദ്രസർക്കാരിന്റെ സഹായത്തിന്റേയും പട്ടിക ചുവടെ കാണാം.

| ക്രമ നം. | കേന്ദ്രാവിഷ്കൃത പദ്ധതി | പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം |
|---|---|---|
| 1. | ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ സൗകര്യമൊരുക്കൽ (50 ശതമാനം കേന്ദ്രവിഹിതം) | 125 |
| 2. | നിയമസഹായം (50 ശതമാനം കേന്ദ്രസഹായം) | 1000 |
| 3. | കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ കോർപ്പറേഷനുള്ള സഹായം (49 ശതമാനം കേന്ദ്രസഹായം) | 2882 |
| 4. | പ്രധാനമന്ത്രി ആവാസ് യോജന (60 ശതമാനം കേന്ദ്രസഹായം) (ബ്ലോക്ക് പഞ്ചായത്ത് വഴി) | 1460 |
| 5. | ദീൻ ദയാൽ അന്ത്യോദയ (60 ശതമാനം കേന്ദ്രസഹായം) (ഗ്രാമപഞ്ചായത്ത് വഴി) | 5511 |
| | **മൊത്തം തുക** | **10978** |

`

(തുക ലക്ഷം രൂപയിൽ)

100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള 192.70 കോടിയും മറ്റ് കേന്ദ്രാവിഷ്കൃത പരിപാടികൾക്കുള്ള 109 കോടി 78 ലക്ഷം രൂപയും ഉൾപ്പെടെ 302 കോടി 48 ലക്ഷം രൂപയുടെ കേന്ദ്രസഹായം പട്ടികജാതി വികസനത്തിനുവേണ്ടി മാത്രം കേരളത്തിന് ഈ സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ പ്രത്യേക ഘടകപദ്ധതികൾക്കായി 15 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉൾപ്പെടെ 317 കോടി 48 ലക്ഷം രൂപ പട്ടികജാതി വികസനത്തിനുമാത്രം കേന്ദ്രസഹായം ലഭിക്കുമെന്നാണ് കേരള സർക്കാർ പ്രതീക്ഷിക്കുന്നത്.

വിദേശത്ത് തൊഴിൽ തേടിപോകുവാനുള്ള സംസ്ഥാനത്തെ യുവതി-യുവാക്കളുടെ പ്രവണത കൂടിവരികയാണ്. ഇന്ത്യയിൽ ഏറ്റവും അധിക



പ്രവാസികൾ ഉള്ള ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ പട്ടിക വിഭാഗങ്ങൾക്കിടയിൽ ഈ പ്രവണത തുലോം കുറവാണ്. പ്രവാസികളായി വിദേശരാജ്യങ്ങളിൽ ചേക്കേറുന്ന കേരളീയർ സംസ്ഥാന സമ്പദ്ഘടനയ്ക്കും സമൂഹത്തിന്റെയും രാജ്യത്തിന്റെയും അവരുടെ തന്നെ വളർച്ചയ്ക്കും നൽകിയ സംഭാവന വലുതാണ്. രാജ്യത്തിന്റെ പല ഭാഗത്തും പട്ടിക വിഭാഗങ്ങൾക്കിടയിൽ വ്യവസായ- വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്നവർ ഉണ്ടെങ്കിലും കേരളത്തിൽ ദളിത് സംരംഭകർ വളരെ കുറവാണ്. കേരളത്തിലെ ദളിതരുടെ പരമ്പരാഗത തൊഴിൽ മേഖലയിൽ അവരെ സമ്പന്നരാക്കുന്ന തൊഴിൽ രംഗങ്ങൾ ഇല്ലാത്തതാണ് ഇതിനു കാരണം. വിദേശത്ത് തൊഴിൽ തേടിപോകുന്ന ദളിതർക്ക് ഇപ്പോൾ കേരള സർക്കാർ ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. മാത്രമല്ല തൊഴിൽ നൈപുണ്യവും പരിശീലനവും വിസയും സർക്കാർ സഹായത്തിൽ തന്നെ നൽകിവരുന്നു. 2017 ഫെബ്രുവരി വരെ 1729 പേർക്ക് വിദേശ തൊഴിലിനു സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

പട്ടികവിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ദൗത്യം ആരംഭിച്ചിട്ടുണ്ട്. ദളിത് സംരംഭകരുടെ സംഘടനയായ 'ഇന്ത്യൻ ദളിത് ചേംബേഴ്സ് ആന്റ് കൊമേഴ്സു'മായി സഹകരിച്ച് ദളിതർക്കിടയിലെ സംരംഭകത്വം വളർത്തികൊണ്ടുവരുവാൻ സർക്കാർ ശ്രമിക്കുന്നു. ഈ പരിപാടിയ്ക്ക് കേന്ദ്ര സഹായവും ലഭ്യമാണ്.

കഴിഞ്ഞ 20 വർഷങ്ങളിലായി പട്ടികജാതി വികസനത്തിന് വേണ്ടി മാത്രം കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച സഹായധനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള ബജറ്റ് വിഹിതവും ചെലവഴിച്ച തുകയും.



| ക്രമ നം. | വർഷം | കേരളത്തിനുള്ള കേന്ദ്രബജറ്റ് വിഹിതം | കേരളം ചെലവഴിച്ച തുക |
|---|---|---|---|
| 1. | 1997-98 | 44.21 | 12.16 |
| 2. | 1998-99 | 24.85 | 12.68 |
| 3. | 1999-00 | 47.42 | 11.05 |
| 4. | 2000-01 | 19.44 | 18.80 |
| 5. | 2001-02 | 25.00 | 21.00 |
| 6. | 2002-03 | 37.33 | 51.44 |
| 7. | 2003-04 | 52.07 | 39.54 |
| 8. | 2004-05 | 61.23 | 61.28 |
| 9. | 2005-06 | 65.14 | 74.26 |
| 10. | 2006-07 | 82.69 | 86.49 |
| 11. | 2007-08 | 140.51 | 94.38 |
| 12. | 2008-09 | 168.12 | 110.87 |
| 13. | 2009-10 | 199.58 | 111.23 |
| 14. | 2010-11 | 249.12 | 114.49 |
| 15. | 2011-12 | 259.67 | 129.45 |
| 16. | 2012-13 | 173.54 | 167.30 |
| 17. | 2013-14 | 176.94 | 162.67 |
| 18. | 2014-15 | 194.65 | 173.72 |
| 19. | 2015-16 | 294.89 | 253.37 |
| 20. | 2016-17 | 406.92 | 331.44 |

(രൂപ കോടിയിൽ)

**സംസ്ഥാനബജറ്റിലെ വകയിരുത്തൽ**

പട്ടികജാതി, ഗോത്രവർഗ, പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി കേരള സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. ഈ ജനവിഭാഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി 3234.21 കോടി രൂപയാണ് 2018–19 സാമ്പത്തിക വർഷത്തിൽ നീക്കിവച്ചിരിക്കുന്നത്. ഈ സാമ്പത്തികവർഷത്തിൽ ബജറ്റിലെ മൊത്തം നീക്കിയിരുപ്പ് ഒരു ലക്ഷത്തി നാൽപത്തിരണ്ടായിരം കോടി രൂപയാണ്. ഇതിൽ 29150 കോടി രൂപ 2018–19 ലെ വാർഷിക പദ്ധതി തുകയാണ്. ഇത് മൊത്തം ബജറ്റ് അടങ്കലിന്റെ 20.41 ശതമാനം വരും. ഇതിൽ കേന്ദ്ര വിഹിതം കൂടി കണക്കിലെടുക്കുമ്പോൾ 37272.99 കോടി രൂപ വരും. കേരളത്തിന്റെ പദ്ധതി വിഹിതം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയുള്ള പട്ടികജാതി പ്രത്യേക ഘടക പദ്ധതിയ്ക്കായി 2859.62 കോടി രൂപയും ഗിരിവർഗങ്ങളുടെ പദ്ധതിയ്ക്കായി 829.19 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.



തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേനയുള്ള വികസനം ഒഴിച്ചു നിർത്തിയാൽ പട്ടികജാതി വികസനത്തിന് 1570 കോടി 3 ലക്ഷം രൂപയും ഗിരിവർഗ വികസനത്തിന് 632 കോടി 59 ലക്ഷം രൂപയും ചെലവിടുന്നു. മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ വികസനത്തിന് പദ്ധതി വിഹിതമായി 114.20 കോടി രൂപയും ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിന് 90 കോടി 75 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. മുന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി 42 കോടി രൂപയും കാലഹരണപ്പെട്ട അഗ്രഹാരങ്ങളുടേയും, വീടുകളുടേയും നവീകരണത്തിന് 11 കോടി 40 ലക്ഷം രൂപയും പദ്ധതി ഇനത്തിൽ നീക്കിവച്ചിരിക്കുന്നു. കൂടാതെ മുന്നാക്ക വിഭാഗത്തിലെ പാവപ്പെട്ടവർക്ക് വിദ്യാഭ്യാസാനുകൂല്യമായി 16 കോടി രൂപ പദ്ധതിയേതര പരിപാടിയിൽ കേരളം വകയിരുത്തിയിരിക്കുന്നു.

പട്ടികജാതി ഗോത്ര വർഗങ്ങളുടെ വികസനം ലക്ഷ്യമാക്കി ആറ് തലത്തിലുള്ള ബഹുമുഖ പദ്ധതിയ്ക്കാണ് സർക്കാർ യത്നിക്കുന്നത്. സാമൂഹിക-സാമ്പത്തിക-നിയമപര-ആരോഗ്യ-വിദ്യാഭ്യാസ-സാംസ്ക്കാരിക പുരോഗതിയ്ക്കാണ് ബജറ്റിൽ തുക നീക്കിവച്ചിരിക്കുന്നത്. സാമൂഹിക പുരോഗതി ലക്ഷ്യമാക്കി ഭൂമി, വീട്, പട്ടികജാതി കോളനികളുടെ നവീകരണം ഉൾപ്പെടെയുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. കേരളത്തിലെ ഭൂരഹിതരിൽ ഏറിയ പങ്കും പട്ടികജാതി-വർഗ വിഭാഗങ്ങളാണ്. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് 225 കോടി രൂപയും ഭവനരഹിതർക്ക് വീട് നൽകുന്നതിന് വേണ്ടി 380 കോടി രൂപയും ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിന്റെ ക്ഷേമത്തിനായി 50 കോടി രൂപ വകയിരുത്തിയിരിക്കുന്നു. പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി അംബേദ്കർ ഗ്രാമ വികസന പദ്ധതിക്കു വേണ്ടി 100 കോടി രൂപ വകയിരുത്തിയിരിക്കുന്നു. മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന 1000 പട്ടികജാതി കോളനികളിലെ സമഗ്ര വികസനമാണ് മുഖ്യലക്ഷ്യം. ഓരോ ഗ്രാമത്തിലും പരമാവധി 50 ലക്ഷം രൂപ വീതം സഹായം നൽകാൻ ഉദ്ദേശിക്കുന്നു. കുടിവെള്ളം, കക്കൂസ്,



ശുചിത്വ സംവിധാനം, ഊർജ്ജത്തിന്റെ ഇതര ഉറവിടങ്ങൾ കണ്ടെത്തൽ, മാലിന്യ സംസ്ക്കരണം, റോഡ് സൗകര്യം, ആശയ വിനിമയ സൗകര്യങ്ങൾ, വൈദ്യുതീകരണം, ഭൂസംരക്ഷണ ഭിത്തി നിർമ്മാണം, ജലസേചനം, കളിസ്ഥലവും കമ്മ്യൂണിറ്റി ഹാളും എന്നീ പരിപാടികൾ തദ്ദേശവാസികളുടെ നിർദ്ദേശം വാങ്ങി സ്ഥലം നിയമസഭാ സാമാജികർ മുഖേന നടപ്പിലാക്കുന്നു. മൃഗസംരക്ഷണം, പച്ചക്കറി ഉത്പാദനം, നെയ്ത്ത്, കരകൗശലം തുടങ്ങിയ വരുമാനദായക പ്രവർത്തനങ്ങൾക്ക് സാമ്പത്തിക പിന്തുണയും ഈ പരിപാടിയിൽ ലഭ്യമാണ്.

പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനം ലക്ഷ്യമാക്കി ജില്ലാ കളക്ടർമാർ വഴി നടപ്പിലാക്കുന്ന മൃഗസംരക്ഷണ ക്ഷീര വികസന പരിപാടിയ്ക്ക് 80 കോടി 9 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ഉൾക്കൊള്ളിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ കോർപ്പറേഷന് 75 ലക്ഷം രൂപ ലഭ്യമാക്കുന്നു. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ കോർപ്പറേഷനു 49% കേന്ദ്ര സഹായത്തോടെ 30 കോടി രൂപ നീക്കി വച്ചിരിക്കുന്നു. പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പരിപോഷിപ്പിക്കുന്നതിനും ദേശീയ തലത്തിലുള്ള ദളിത് സംരംഭകരുടെ സംഘടനയുടെ പങ്കാളിത്തത്തിലൂടെ ഊർജ്ജസ്വലരായ സംരംഭകരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. ചെറുകിട സംരംഭങ്ങൾക്കായി വായ്പ കൊടുക്കുന്നതിനും പട്ടികജാതിക്കാർക്കിടയിൽ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും പരിപാടിയിടുന്നു.

കേരളത്തിൽ പാലക്കാട് ജില്ലയിലാണ് ഏറ്റവുമധികം പട്ടികജാതി ജനസംഖ്യയുള്ളത് (13.29 ശതമാനം), തൊട്ടുപിന്നിൽ തിരുവനന്തപുരം (12.27 ശതമാനം), കൊല്ലം (10.80 ശതമാനം), തൃശ്ശൂർ (10.67), മലപ്പുറം (10.14 ശതമാനം) സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യയിൽ 57.17 ശതമാനം മേൽപ്പറഞ്ഞ അഞ്ചു ജില്ലകളിലായി കാണുന്നു. കേരളത്തിൽ പട്ടികവർഗവിഭാഗങ്ങൾ എല്ലായിടത്തും ഇല്ലെന്നു മാത്രമല്ല ബഹുഭൂരിപക്ഷവും ഗ്രാമീണരുമാണ്. പട്ടികവർഗക്കാർ ഏറ്റവും കൂടുതൽ വയനാട്ടിലാണ് ഉള്ളത് (31.24 ശതമാനം). തൊട്ടുപിന്നിൽ ഇടുക്കി (11.51 ശതമാനം), പാലക്കാട് (10.10 ശതമാനം), കാസർഗോഡ് (10.08 ശതമാനം).



പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യ സുരക്ഷാ പരിപാടിയ്ക്കായി 50 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതിനകം തന്നെ 35 കോടിരൂപ നൽകിയിട്ടുണ്ട്. ഭാരതത്തിലെ ദളിത് വിഭാഗങ്ങളുടെ ഉന്നമനം രാഷ്ട്രത്തിന്റെ ശാക്തീകരണത്തിന് അനുപേക്ഷണീയമാണ്. അതിനുവേണ്ടിയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേരള ജനസംഖ്യയിൽ 9.1 ശതമാനം വരുന്ന പട്ടികജാതിവിഭാഗത്തിന് വേണ്ടി മൊത്തം പദ്ധതി വിഹിതത്തിന്റെ 9.8% ശതമാനവും 1.45 ശതമാനം വരുന്ന ഗോത്ര വർഗങ്ങൾക്ക് വേണ്ടി മൊത്തം പദ്ധതി വിഹിതത്തിന്റെ 9.8% ശതമാനവും കേരളം നീക്കിവച്ചിരിക്കുന്നു. 2016-17 ൽ കേന്ദ്രസർക്കാർ പദ്ധതി വിഹിതത്തിന്റെ 11.5 ശതമാനം പട്ടികവിഭാഗത്തിന് അനുവദിച്ചിരുന്നു.

**യോജന,**

**ജൂലൈ 2018.**

FOCUS



# വികസന സ്വപ്നങ്ങളുമായി വിഴിഞ്ഞം തുറമുഖം

**ജേക്കബ്ബ് സാംസൺ**

ഏതൊരു രാഷ്ട്രത്തിന്റേയും വളർച്ചയും പുരോഗതിയും ഗതാഗത സൗകര്യങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. മൂന്നുവശവും മഹാസമുദ്രങ്ങളാൽ ചുറ്റപ്പെട്ട ഇന്ത്യയെ സംബന്ധിച്ചിടത്തോളം വിദേശരാജ്യങ്ങളുമായി വ്യാപാര സഞ്ചാരങ്ങൾക്ക് വ്യോമഗതാഗതത്തേയും ജലഗതാഗതത്തേയുമാണ് കൂടുതലായി ആശ്രയിക്കുന്നത്. വിദേശത്തേക്കുള്ള ഇന്ത്യയുടെ കരമാർഗമാകട്ടെ ദുർഘടമായ പർവ്വതനിരകളായതിനാൽ പ്രായോഗികതലത്തിൽ വളരെ കുറച്ചു ഗതാഗതമേ ആ വഴിക്ക് നടക്കുന്നുള്ളൂ. വ്യോമഗതാഗതം ഏറ്റവും ചെലവേറിയതായതിനാൽ വ്യാപാരാവശ്യങ്ങൾക്കായി ചരക്കുകൾ നീക്കുന്നതിന് വ്യോമമാർഗം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതമാർഗം എന്ന നിലയിൽ ജലഗതാഗതത്തിന് വളരെ വലിയ സ്ഥാനമാണുള്ളത്. ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള സംസ്ഥാനമായ കൊച്ചുകേരളത്തിന് ജലഗതാഗതമേഖലയിൽ മഹത്തായ പാരമ്പര്യമുണ്ട്. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ തുറമുഖവും അതിനോട് ചേർന്നുള്ള പത്തേമാരികളുടെ നിർമ്മാണശാലയും ആ പാരമ്പര്യത്തിന്റെ തുടർച്ചയാണ്. സ്വന്തമായി പത്തേമാരികൾ നിർമ്മിച്ച് പായ്മരം കെട്ടി ഇന്ധനച്ചെലവില്ലാതെ കടലിൽ യാത്ര ചെയ്ത് വ്യാപാരം ചെയ്തിരുന്ന ഒരു കാലഘട്ടം കേരളത്തിന് ഉണ്ടായിരുന്നു. സുശക്തമായ നാവികപ്പടയും അന്ന് കേരളത്തിനുണ്ടായിരുന്നുവെന്ന് ചരിത്രത്തിൽ വായിച്ചറിയാം. ധീര സാഹസകഥകളിലും പോരാട്ടങ്ങളിലും കപ്പിത്താൻമാർ വീരപുരുഷന്മാരായി ഇപ്പോഴും നമ്മുടെ മനസ്സുകളിൽ നിറഞ്ഞു നിൽക്കുന്നുണ്ട്.

വിമാനങ്ങളും ആകാശയാത്രയും സമീപകാലം വരെ ഒരു സ്വപ്നം മാത്രമായിരുന്നു. വിമാനങ്ങൾ പറന്നു തുടങ്ങിയപ്പോഴാകട്ടെ അത് ഏറ്റവും ധനികരുടെ മാത്രം വാഹനമായാണ് ഉപയോഗിക്കപ്പെട്ടത്. കുട്ടികൾ പക്ഷികളെ



കാണുന്നതുപോലെ പാവപ്പെട്ടവർക്ക് വിമാനങ്ങൾ നോക്കി നില്ക്കാനേ അന്ന് കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ പിന്നിട്ട ദശകങ്ങളിൽ വ്യോമഗതാഗതമേഖലയിൽ അഭൂതപൂർവ്വമായ പുരോഗതി ഉണ്ടാവുകയും വിമാനം ജനകീയ വാഹനമായി മാറുകയും ചെയ്തു.

മഹത്തായ പാരമ്പര്യമുള്ളതും വളരെയേറെ സാധ്യതയുള്ളതുമായ ജലഗതാഗതത്തിന് കാലത്തിനനുസരിച്ചുള്ള പുരോഗതിയും വളർച്ചയും നമ്മുടെ നാട്ടിൽ ഉണ്ടായില്ല. അഞ്ഞൂറുപേർ കൂടുന്നിടത്ത് വിമാനത്തിൽ യാത്ര ചെയ്തവർ പത്തുപേരെങ്കിലും കാണും; കപ്പലിൽ യാത്ര ചെയ്തവർ ഒന്നോ രണ്ടോപേരിലധികം കണ്ടെന്ന് വരില്ല. തുറമുഖ നിർമ്മാണത്തിന്റെ ഭാരിച്ച മുതൽമുടക്കും അന്താരാഷ്ട്ര തലത്തിലുള്ള മത്സരങ്ങളുമെല്ലാം നമ്മുടെ ജലഗതാഗതമേഖലയുടെ വളർച്ചയ്ക്ക് പലപ്പോഴും തടസ്സമായിത്തീർന്നു.

വിദേശരാജ്യങ്ങളിൽ ആഡംബരകപ്പലുകളിലുള്ള ഉല്ലാസയാത്ര സർവ്വസാധാരണമാണ്. യു.എ.ഇ. യിൽ നിന്ന് ഇന്ത്യയിലേക്ക് ആഡംബരക്കപ്പൽ സർവ്വീസുകൾ ആരംഭിക്കാൻ പ്രമുഖ കമ്പനികൾ ഒരുങ്ങുകയാണ്. വിദേശികൾക്ക് ക്രൂസ് ടൂറിസം ഒരു ഹരമാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ടൂറിസ്റ്റുകളുടെ സ്വപ്നഭൂമിയാണ്. തുറമുഖങ്ങളും ഗതാഗതസൗകര്യങ്ങളും മെച്ചപ്പെടുന്നതിനനുസരിച്ച് കേരളത്തിന്റെ വിനോദസഞ്ചാര മേഖലയും പുരോഗതി പ്രാപിക്കും. കൊച്ചിയിൽ ഒരു തുറമുഖം ഉള്ളതുകൊണ്ടാണ് ലക്ഷദ്വീപ് ടൂറിസം ഫലപ്രദമായി നടക്കുന്നത്. കൊച്ചിയിൽ നിന്ന് സർവ്വീസ് നടത്തുന്ന എം.വി. ടിപ്പുസുൽത്താൻ , ഭാരതസീമ എന്നീ രണ്ട് യാത്രാക്കപ്പലുകളിലൂടെയാണ് ബഹുഭൂരിപക്ഷം ടൂറിസ്റ്റുകളും ലക്ഷദ്വീപ് സന്ദർശിക്കാനെത്തുന്നത്.

**വിഴിഞ്ഞം തുറമുഖം : കേരളത്തിന്റെ സ്വപ്നപദ്ധതി**

കേരളത്തിന്റെ തലസ്ഥാനനഗരമായ തിരുവനന്തപുരത്തിന് വികസനത്തിന്റെ കവാടം തുറക്കുന്ന പദ്ധതിയാണ് വിഴിഞ്ഞം രാജ്യാന്തര ആഴക്കടൽ തുറമുഖം. കാൽനൂറ്റാണ്ടോളം കേരളം ഹൃദയത്തിൽ താലോലിച്ചു കൊണ്ടുനടന്ന സ്വപ്നമാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. കേരളത്തിന് ഏറ്റവും ഗുണകരമെങ്കിലും



ഒരിക്കലും നടക്കുകയില്ലെന്ന് പലരും മനസ്സുകൊണ്ട് വിധിയെഴുതിയ ഈ പദ്ധതിയാണ് കേന്ദ്ര സർക്കാർ പച്ചക്കൊടി കാണിച്ചതോടെ യാഥാർത്ഥ്യമാവുന്നത്. പൊതു സ്വകാര്യപങ്കാളിത്ത (പി.പി.പി.) രീതിയിലാണ് വിഴിഞ്ഞം അന്തർദേശീയ ആഴക്കടൽ തുറമുഖം നിർമ്മിക്കുന്നത്. സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും പദ്ധതിക്ക് സഹായം നൽകുന്നു. തുറമുഖ നിർമ്മാണരംഗത്ത് ഏറെ പരിചയസമ്പത്തുള്ള അദാനിഗ്രൂപ്പാണ് സ്വകാര്യപങ്കാളിയായി തുറമുഖത്തിന്റെ നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയാണ്(VISL) പദ്ധതി നടത്തിപ്പിന്റെ ചുമതല വഹിക്കുന്നത്. 2015 ഡിസംബർ 5 ന് ഉദ്ഘാടനം ചെയ്ത ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 5 നകം നാലുവർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാംഘട്ട പദ്ധതിയുടെ നിർമ്മാണച്ചെലവ് 7525 കോടി രൂപയാണ്.

ഇടുക്കി ആർച്ച് ഡാമും നെടുമ്പാശ്ശേരി വിമാനത്താവളവും കഴിഞ്ഞാൽ കേരളത്തിന് ലഭിക്കുന്ന ഏറ്റവും വലിയ പദ്ധതിയാണ് വിഴിഞ്ഞം അന്തർദേശീയ ആഴക്കടൽ തുറമുഖ പദ്ധതി. ഈ പദ്ധതി യാഥാർത്ഥ്യമാവുന്നതോടെ തലസ്ഥാനനഗരമായ തിരുവനന്തപുരം സർക്കാരുദ്യോഗസ്ഥരുടെ വാസസ്ഥലം എന്ന നിലയിൽ നിന്ന് വ്യവസായ നഗരം എന്ന നിലയിലേക്ക് ഉയരും.

ഇന്ത്യയിലെ മൂന്ന് തുറമുഖങ്ങൾ നേരിട്ടു നടത്തുകയും അഞ്ച് തുറമുഖങ്ങളിൽ പങ്കാളികളായിരിക്കുകയും ചെയ്യുന്ന അദാനി ഗ്രൂപ്പ് വിഴിഞ്ഞം തുറുമുഖ പദ്ധതിയുടെ നിർമ്മാണകരാറിൽ ഒപ്പുവച്ചതോടെ പദ്ധതി വിജയകരമായി പൂർത്തിയാകുമെന്ന് ഉറപ്പായി.

**വിഴിഞ്ഞം തുറമുഖം - സവിശേഷതകൾ**

തിരുവനന്തപുരത്ത് നിന്ന് 15 കി.മി. അകലെ അറബിക്കടലിലേക്ക് തുറക്കുന്ന വിഴിഞ്ഞം തുറമുഖം പലതുകൊണ്ടും സവിശേഷതയുള്ളതാണ്.

വിഴിഞ്ഞം തുറമുഖത്തിൽ നിന്ന് തിരക്കേറിയ പേർഷ്യൻ ഗൾഫ്- മലാക്ക കപ്പൽചാനലിലേക്ക് 10 നോട്ടിക്കൽമൈൽ അകലം മാത്രമേയുള്ളൂ. അന്തർദേശീയ



കപ്പൽഗതാഗതത്തിന്റെ മൂന്നിലൊന്നോളം ഈ കപ്പൽ ചാനലിലൂടെയാണ് കടന്നുപോകുന്നത്. എല്ലാ കാലാവസ്ഥയിലും പ്രവർത്തനക്ഷമമാണ് എന്നതും വിഴിഞ്ഞം തുറമുഖത്തിന്റെ പ്രത്യേകതയാണ്.

ഇന്ത്യയുടെ കിഴക്ക് പടിഞ്ഞാറൻ തീരത്തിന്റെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്നതിനാൽ കിഴക്കുപടിഞ്ഞാറൻ തീരങ്ങളുടെ ആവശ്യങ്ങൾ ഒരു പോലെ നിറവേറ്റാൻ ഈ തുറമുഖത്തിന് കഴിയും.

വിഴിഞ്ഞം തീരത്തുനിന്ന് ഒരു നോട്ടിക്കൽ മൈൽ അകലെ കടലിന് 20 മീറ്ററിലേറെ ആഴം പ്രകൃതിദത്തമായിത്തന്നെയുണ്ട്. തുറമുഖ നിർമ്മാണത്തിന് ഏറ്റവും അനുകൂലമായ ഘടകമാണിത്. ഇക്കാരണത്താൽ തുറമുഖ നിർമ്മാണത്തിന് ഏറ്റവും കുറച്ച് ഡ്രെജിംഗ് മാത്രമേ ആവശ്യമായി വരുന്നുള്ളൂ. ഇത് മൂലം ഡ്രെജിംഗ് ചെലവും മെയിന്റനൻസ് ചെലവും ഗണ്യമായി കുറഞ്ഞുകിട്ടും. 20000 TEU ശേഷിയുള്ള വലിയ കണ്ടയ്നർവാഹിനി കപ്പലുകൾക്കും ഇവിടെ അടുക്കാൻ കഴിയും. പരിസ്ഥിതി-സാമൂഹ്യ പ്രശ്നങ്ങളുമില്ല.

വിഴിഞ്ഞം തുറമുഖത്തിന് റെയിൽവേ സ്റ്റേഷനുമായി 12 കി.മീറ്ററും റോഡിലേക്ക് രണ്ട് കിലോമീറ്ററും തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിലേക്ക് 20 കിലോമീറ്ററും ദൂരമേയുള്ളൂ. വിഴിഞ്ഞം രാജ്യാന്തര തുറമുഖം പ്രവർത്തനക്ഷമമായാൽ ഇന്ത്യയിലെ കയറ്റുമതിക്കാർക്ക് ചരക്കുകൾ കടൽമാർഗം കയറ്റി അയക്കുന്നതിന് വിദേശതുറമുഖങ്ങളെ ആശ്രയിക്കേണ്ടിവരില്ല. ഇതിലൂടെ പ്രതിവർഷം 1000 കോടി രൂപയാണ് ചെലവിനത്തിൽ ലാഭിക്കാൻ കഴിയുന്നത്.

ഇത് ഹരിതമേഖലയിലുള്ള ഒരു തുറമുഖപദ്ധതിയാണ്. നഗരപരിധിക്ക് പുറത്ത് പട്ടണത്തിരക്കുകളിൽ നിന്ന് അകന്ന് നില്ക്കുന്ന ഈ പദ്ധതിപ്രദേശം വിദഗ്ധമായി വികസിപ്പിച്ചെടുത്താൽ ഏറ്റവും കാര്യക്ഷമവും ആധുനികവും ഉയർന്ന ഉല്പാദനക്ഷമതയുള്ളതുമായ ഒരു തുറമുഖമാക്കി മാറ്റാൻ കഴിയും. അതിനുള്ള ഭൂമിശാസ്ത്രപരമായ എല്ലാ സാധ്യതകളും വിഴിഞ്ഞത്തിനുണ്ട്.



വിഴിഞ്ഞം തുറമുഖനിർമ്മാണം പൂർത്തിയാക്കുന്നതോടെ പ്രത്യക്ഷ, പരോക്ഷ നികുതിയിനത്തിൽ ഗണ്യമായ വരുമാനവർദ്ധനവുണ്ടാകുന്നതാണ്. നേരിട്ടുള്ള തൊഴിലവസരങ്ങൾക്ക് പുറമേ തുറമുഖാനുബന്ധ വ്യവസായങ്ങളിലൂടെ പരോക്ഷമായി ഏറെ തൊഴിലവസരങ്ങളും ഉണ്ടാകും. കണ്ടെയ്നർ ഹാൻഡ്‌ലിംഗ്, ലോജിസ്റ്റിക് എന്നീ അനുബന്ധവ്യവസായങ്ങളും ഇതോടൊപ്പം വളരും.

നിർദ്ദിഷ്ട രാജ്യാന്തര തുറമുഖനിർമ്മാണത്തോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ മത്സ്യബന്ധന തുറമുഖം, ഫിഷ് ലാന്റിംഗ് കേന്ദ്രം, ഫുഡ്പാർക്കുകൾ എന്നിവയും നിർമ്മിക്കപ്പെടും.

വിഴിഞ്ഞം തുറമുഖം കേന്ദ്രീകരിച്ച് തീരക്കടൽ കപ്പൽ ഗതാഗതം ആരംഭിക്കാനും അതുവഴി ചെലവുകുറഞ്ഞ ചരക്കുഗതാഗതവും വിനോദസഞ്ചാരവും പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികളും ഇതോടൊപ്പം രൂപം പ്രാപിച്ചുവരികയാണ്. മദർഷിപ്പുകൾ അടുക്കുന്ന വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ ഇവിടെയെത്തുന്ന കണ്ടെയ്നറുകൾ, റോഡുഗതാഗതത്തെ ബാധിക്കാതെ കുറഞ്ഞ ചെലവിൽ മറ്റിടങ്ങളിലേക്ക് എത്തിക്കുന്നതിന് ഈ സംവിധാനം സഹായിക്കും. അതിനായി വിവിധ കപ്പൽ ഗതാഗത കമ്പനികളുമായി സർക്കാർ ചർച്ചകൾ നടത്തിവരികയാണ്. ഒപ്പം മറ്റു തുറമുഖങ്ങളും വികസിപ്പിച്ച് പശ്ചാത്തലസൗകര്യം ഒരുക്കുന്നതിനും സർക്കാർ തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജലഗതാഗതമേഖലയിലെ ഈ നടപടികൾ കേരളസംസ്ഥാനത്തിന്റെ വികസനത്തിൽ ഒരു പുതിയ വഴിത്തിരിവാകുമെന്നതിൽ സംശയമില്ല.

**വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ രൂപരേഖ**

നാലുഘട്ടങ്ങളുള്ളതാണ് വിഴിഞ്ഞം തുറമുഖപദ്ധതി. ഒന്നാം ഘട്ടം നാലു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒന്നാം ഘട്ടം പൂർത്തിയാകുമ്പോൾ തന്നെ ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ വാഹിനികപ്പലുകൾക്ക് ഉൾപ്പെടെ ഇവിടെ അടുക്കാനാകും.



ഒന്നാം ഘട്ടത്തിൽ ചെയ്തുതീർക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് താഴെ പറയുന്ന പ്രവർത്തനങ്ങളാണ്.

- 3100 മീറ്റർ നീളത്തിൽ ബ്രേക്ക് വാട്ടർ നിർമ്മിക്കുക (2960 മീറ്റർ മെയിൻ ബ്രേക്ക് വാട്ടറും മത്സ്യബന്ധന തുറമുഖത്തിലേക്കുള്ള 140 മീറ്റർ എക്സ്റ്റെൻഷൻ ബ്രേക്ക് വാട്ടറും).
- 20000 TEU ശേഷിയുള്ള ഏറ്റവും വലിയ കണ്ടെയ്നർ വാഹിനി കപ്പലുകൾക്ക് അടുക്കാൻ സൗകര്യമൊരുക്കുന്നതിന് 800 മീറ്റർ നീളമുള്ള കണ്ടെയ്നർ ബർത്ത് നിർമ്മിക്കുക. ഒരു വർഷം ഒരു മില്യൻ TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാൻ കപ്പാസിറ്റിയുള്ള കണ്ടെയ്നർ ഹാൻഡിലിംഗ് ബെർത്ത് നിർമ്മിക്കുക.
- 500 മീറ്റർ വീതിയുള്ള കണ്ടെയ്നർ യാർഡ് നിർമ്മിക്കുക
- തദ്ദേശവാസികളുടെ ജീവിതമാർഗം സുരക്ഷിതമാക്കുന്നതിനു വേണ്ടി ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുക

തുറമുഖത്തിലെ ഗതാഗത തിരക്ക് വർദ്ധിക്കുന്നതിനനുസരിച്ച് താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങളും ഘട്ടംഘട്ടമായി നടത്തുന്നതാണ്.

| | |
|---|---|
| രണ്ടാം ഘട്ടം – | 400 മീറ്റർ നീളത്തിൽ ബെർത്ത് നിർമ്മിക്കുക. കപ്പാസിറ്റി 1.5 മില്യൺ TEU ആയി വർദ്ധിപ്പിക്കുക. ബ്രേക്ക് വാട്ടർ നിർമ്മാണം 200 മീറ്റർ കൂടി ദീർഘിപ്പിക്കുക. |
| മൂന്നാം ഘട്ടം – | 400 മീറ്റർ നീളത്തിൽ ബെർത്ത് നിർമ്മിക്കുക. കപ്പാസിറ്റി 2.2 മില്യൺ TEU ആയി വർദ്ധിപ്പിക്കുക. ബ്രേക്ക് വാട്ടർ നിർമ്മാണം 720 മീറ്റർ കൂടി ദീർഘിപ്പിക്കുക. |
| നാലാം ഘട്ടം – | 400 മീറ്റർ നീളത്തിൽ ബെർത്ത് നിർമ്മിക്കുക. കപ്പാസിറ്റി 3 മില്യൺ TEU ആയി വർദ്ധിപ്പിക്കുക. |



ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരുന്നത് മുല്ലൂർ പ്രദേശത്താണ്.

പുതിയ ഫിഷിംഗ് ഹാർബർ വലിയകടപ്പുറത്ത് രാജ്യാന്തര തുറമുഖത്തോടടുത്തു തന്നെയാണ് നിർമ്മിക്കുന്നത്. ഇതിനോടൊപ്പം തന്നെ മത്സ്യസംസ്കരണവും കയറ്റുമതിയും ലക്ഷ്യമാക്കി സീ ഫുഡ്പാർക്കും ആധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്നതാണ്. വിഴിഞ്ഞത്ത് വാട്ടർസ്പോർട്ട്സിനുള്ള സാധ്യതകളും സർക്കാർതലത്തിൽ പരിഗണിച്ചുവരുന്നു.

വിപുലമായ ഈ നിർമ്മാണ പ്രവർത്തനങ്ങൾ കടലിലെ മാറിമാറി വരുന്ന സാഹചര്യങ്ങളിലൂടെ വേണം പൂർത്തിയാക്കാൻ എന്നത് നിസാരമായി കാണാവുന്നതല്ല. കടൽ ശാന്തമായിരിക്കുമ്പോൾ കടൽത്തീരങ്ങൾ നമ്മുടെ ഉല്ലാസതീരങ്ങളാണ്. കടൽ ക്ഷോഭിച്ചാലോ തീരങ്ങൾ ദുരന്തഭൂമിയാകും. കടലിലെ ഏത് നിർമ്മാണ പ്രവർത്തനവും ദുഷ്ക്കരം തന്നെയാണ്. ഈ മേഖലയിൽ ദീർഘമായ പരിചയസമ്പത്തുള്ളവർക്കേ ഈ സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുകയുള്ളൂ.

**പ്രതിസന്ധികളെ അതിജീവിച്ച് മുന്നോട്ട്**

അപ്രതീക്ഷിതമായി കേരള തീരത്താഞ്ഞടിച്ച ഓഖിച്ചുഴലിക്കാറ്റ് വരുത്തിയ നാശനഷ്ടങ്ങൾ ഏറെയായിരുന്നു. കേരളത്തിന്റെ തീരങ്ങൾ കണ്ണീർക്കടലുകളായി മാറുകയും ഒട്ടേറെ മത്സ്യത്തൊഴിലാളികളുടേയും തീരദേശനിവാസികളുടേയും ജീവനെടുക്കുകയും ചെയ്ത മഹാദുരന്തം, തുറമുഖനിർമ്മാണത്തേയും ഏറെ ബാധിച്ചു. നിർമ്മിച്ച പുലിമുട്ടിന്റെ കുറേഭാഗം ഓഖി ചുഴലിക്കാറ്റിലും ആഞ്ഞടിച്ച തിരമാലകളിലും തകർന്നുപോയി. ഡ്രജിങ്ങിലേർപ്പെട്ട കൂറ്റൻ ഡ്രജറിനേയും ഓഖി ചുഴലിക്കാറ്റ് കറക്കിയെടുത്ത് കരയിലേക്ക് എറിഞ്ഞു. പലദിവസങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങുകയും നിർമ്മാണത്തിന് വേഗം കുറയുകയും ചെയ്തു. കരിങ്കല്ലിന്റെ ക്ഷാമവും പാറപൊട്ടിക്കുന്നതിനുള്ള തടസ്സങ്ങളും ജനകീയ സമരവുമെല്ലാം നിർമ്മാണ പ്രവർത്തനത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.



സർക്കാർ യഥാസമയം ഇടപെടുകയും കരിങ്കല്ലിന്റെ ലഭ്യത ഉറപ്പുവരുത്തുകയും പ്രതിസന്ധികൾ പരിഹരിക്കുകയും ചെയ്തതോടെ നിർമ്മാണപ്രവർത്തനങ്ങൾ വീണ്ടും അതിവേഗം മുന്നോട്ട് നീങ്ങാൻ തുടങ്ങി. നിർദ്ദിഷ്ട സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കി പൂർവ്വചരിത്രമുള്ള അദാനി ഗ്രൂപ്പ് സൽപ്പേര് നിലനിർത്താൻ ദ്രുതഗതിയിൽ പണി നടത്തി ലക്ഷ്യം കൈവരിക്കാനുള്ള കഠിന ശ്രമത്തിലാണ്.

**പദ്ധതിയുടെ പുരോഗതി**

നാലുഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിക്കാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ ഒന്നാം ഘട്ടം 2019 ഡിസംബറിൽ പൂർത്തിയാകും. അതോടെ ലോകത്ത് നിലവിലുള്ളതും സമീപഭാവിയിലേയും ഏറ്റവും വലിയ കണ്ടെയ്നർവാഹിനിക്കപ്പലുകൾക്ക് (20000 TEU ശേഷിയുള്ളവ) വിഴിഞ്ഞം തുറമുഖത്ത് അടുക്കുവാൻ സാധിക്കും. തുറമുഖത്തിന്റെ പ്രധാനഘടകമായ 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണത്തിൽ 600 മീറ്റർ നീളവും കടലിൽ നിന്ന് മണ്ണെടുത്ത് കരഭൂമിയാക്കുന്ന ജോലിയുടെ 40 ശതമാനത്തോളവും പൂർത്തിയായി. 130 ഏക്കറാണ് കടൽ നികത്തി എടുക്കുന്നത്. 800 മീറ്റർ ബർത്തിനായുള്ള 615 പൈലുകളിൽ 212 എണ്ണം താഴ്ത്തിക്കഴിഞ്ഞു. പുലിമുട്ടിന് ബലമേകാൻ സ്ഥാപിക്കേണ്ട കോൺക്രീറ്റ് നിർമ്മിതമായ അക്രോപാഡുകൾ നാലായിരത്തി അറുപതെണ്ണം വാർത്തുകഴിഞ്ഞു.

ബാഹ്യാടിസ്ഥാനസൗകര്യങ്ങളായ വൈദ്യുതി, ജലം തുടങ്ങിയവയുടെ ജോലികളും മുന്നേറുന്നു. 3.3 MLD ജലശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായി. 11 KV പവർ സപ്ലൈയുടെ പണികൾ ഇതിനകം തന്നെ പൂർത്തിയായിക്കഴിഞ്ഞു. കാട്ടാക്കട പവർ സ്റ്റേഷനിൽ നിന്ന് വിഴിഞ്ഞം പവർസ്റ്റേഷനിലേക്ക് 220 KV ലൈൻ കൊണ്ടുവരുന്നതിനുള്ള പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ദേശീയപാത 66-നോട് തുറമുഖത്തിനെ ബന്ധിപ്പിക്കുന്ന നാലുവരിപാതയുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം-നാഗർകോവിൽ റയിൽപാതയെ തുറമുഖവുമായി



ബന്ധിപ്പിക്കുന്ന 12 കി.മീറ്ററുള്ള വിഴിഞ്ഞം-ബാലരാമപുരം റയിൽപാതയുടെ നിർമ്മാണത്തിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊങ്കൺ റെയിൽവേ കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പുവച്ചു. പദ്ധതി പുനരധിവാസപാക്കേജ് വഴി 2382 പേർക്ക് 31.71 കോടി രൂപ വിതരണം ചെയ്തു.

**ഭൂമി ഏറ്റെടുക്കൽ**

പ്രോജക്ടിന് വേണ്ടി 84.61 ഹെക്ടർ ഭൂമി ഇതിനകം തന്നെ ഏറ്റെടുത്ത് നൽകിക്കഴിഞ്ഞു(ആകെ ആവശ്യമായതിന്റെ 92 ശതമാനം). അവശേഷിക്കുന്ന ഭൂമി തുറമുഖ പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**പുനരധിവാസ പ്രവർത്തനങ്ങൾ**

വിഴിഞ്ഞം തുറമുഖ പദ്ധതി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാവുന്ന വിഭാഗങ്ങളുടെ എണ്ണം കണക്കാക്കി അവരുടെ പുനരധിവാസത്തിന് വിശദമായ പാക്കേജും തയ്യാറാക്കിയിട്ടുണ്ട്.

ഇതനുസരിച്ച് പദ്ധതിപ്രദേശത്തെ 249 ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, 325 കരമടിതൊഴിലാളികൾ എന്നിവർക്ക് മൂന്നു വർഷത്തേക്ക് സാമ്പത്തിക സഹായം നൽകുന്നതിനും 121 കട്ടമരം തൊഴിലാളികൾക്കും 1805 മോട്ടോർയാന ഉടമകൾക്കും പദ്ധതിയുടെ ബ്രേക്ക് വാട്ടർ നിർമ്മാണ കാലയളവായ രണ്ട് വർഷത്തേക്ക് സാമ്പത്തികസഹായം നൽകാനും, മുല്ലൂർ പ്രദേശം തുറമുഖമായി മാറുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്തെ ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികളുടെ പുനരധിവാസത്തിനായി മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്പ്മെന്റ് ഏജൻസിയുടെ സഹായത്തോടെ കടൽമത്സ്യകൃഷി നടപ്പിലാക്കാനും നടപടി സ്വീകരിച്ചുവരികയാണ്. കൂടാതെ, പദ്ധതി പ്രദേശത്തുള്ള റിസോർട്ടുകളിലും ചെറുകിട കച്ചവടകേന്ദ്രങ്ങളിലും തൊഴിലെടുക്കുന്നവരുടെ പുനരധിവാസസഹായം നല്കാനുള്ള പ്രത്യേക പാക്കേജും തയ്യാറാക്കിയിട്ടുണ്ട്.



വികസന ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായത്തിന് തുടക്കം കുറിച്ചുകൊണ്ട് വിഴിഞ്ഞം അന്തർദേശീയ ആഴക്കടൽ തുറമുഖം രൂപം കൊള്ളുന്നതിന് ഇനി അധികം കാത്തിരിക്കേണ്ടി വരില്ല. വിഴിഞ്ഞം തുറമുഖത്ത് കപ്പലടുക്കുമ്പോൾ വലിയ മാറ്റങ്ങളാണ് വരാനിരിക്കുന്നത്. ഇവിടെയുള്ള ഉല്പന്നങ്ങൾ ഇവിടെ നിന്ന് തന്നെ കയറ്റി അയക്കാനും നമുക്കാവശ്യമുള്ളവ ഇവിടെത്തന്നെ ഇറക്കുമതി ചെയ്യാനും കഴിയുന്നു. എന്നതിലപ്പുറം നാനാ മേഖലകളിൽ പ്രത്യക്ഷവും പരോക്ഷവുമായ വളർച്ചയും വികസനവും തൊഴിൽസാധ്യതയും സാമ്പത്തിക ഉന്നമനവും നമുക്ക് ലഭിക്കുമെന്നതിൽ സംശയമില്ല. വിഴിഞ്ഞം തുറമുഖത്തിന്റെ സത്ഫലങ്ങൾ സാമ്പത്തിക വിദഗ്ധരുടെ കണക്കുകൂട്ടലുകളും നിഗമനങ്ങളുമെന്നതിലുപരി സാധാരണജനങ്ങളുടെ വലിയപ്രതീക്ഷയും സ്വപ്നവുമാണ്.

**യോജന,**
**ജൂലൈ 2018.**



# National Register of Citizens and the Supreme Court

**Alok Prasanna Kumar**

The Citizenship (Amendment) Bill, 2016, which has met with fierce resistance in the north-eastern states, especially Assam, is likely to be shelved by the union government and not introduced in this session of Parliament The bill declares Hindus, Sikhs, Buddhists, Jains, Parsis, and Christians fleeing religious persecution from Afghanistan, Bangladesh and Pakistan as not being "illegal migrants" for the purposes of the Citizenship Act, 1955, and also reduces the time required for such persons from these countries to obtain citizenship by naturalisation from 11 years to six years. The agitation, though, had nothing to do with the exclusion of Muslims from the provisions of this bill. Rather, it had to do with the grant of *any* exemption or benefit in favour of anyone from Bangladesh who might benefit from its provisions.

Ostensibly, this bill is in fulfilment of the Bharatiya Janata Party's 2014 manifesto to grant citizenship to Hindus fleeing persecution in Muslim-majority countries neighbouring India. That, it has been argued, is simply a cover for remaking the notion of Indian citizenship, from a secular conception to a religious one . This argument is not without merit. If the union government was genuine about sheltering vulnerable minorities (it has, after all, included Sikhs, Parsis, Jains and Buddhists within the ambit of the law), it would have included Baha'is, Shias, and Ahmadiyyas, among others, who face persecution in Sunni muslim majority countries for being insufficiently or improperly Islamic. Even Tamil-speaking Hindus of Sri Lanka fleeing persecution at the hands of Sinhala Buddhists have been deemed unworthy of inclusion in the bill.

Commentators have, questioned the constitutional validity of the provisions of the bill discrirminating as it dues almost entirely on the basis of religion . Ex facie, it discriminates purely on the basis of religion, going against Article 14 of the Constitution. Even if a community living in Afghanistan, Bangladesh or Pakistan were to face religious persecution, the fact that the community was not Hindu, Sikh, Buddhist, Jain, Parsi or Christian would disentitle it from the benefit of this law, with no apparent justification for this denial. It introduces a religious element into the notion of citizenship, striking clearly at the heart of a secular Constitution, and potentially going against the basic structure of the Constitution.



That this damaging and discriminatory bill is likely to be withdrawn, however, does not necessarily represent a victory for constitutional values and morality. Had the bill been withdrawn, or amended to include all communities that had fled to India to avoid religious persecution in neighbouring countries, one could have said so. However, the circumstances in which the government has been forced to take a step back are hardly salutary.

Right from its introduction, the bill faced severe opposition in Assam on the belief that it would enable "illegal migrants" from Bangladesh to seek citizenship and, therefore, permanent residency in Assam.. The clauses of the bill, which potentially allowed Bangladeshi Hindus who are alleged to have illegally migrated to Assam, were the source of controversy. What, perhaps, surprised the union government was the spread of the opposition in other north-eastern states as well, like Arunachal Pradesh, Mizoram, and Nagaland. The concerns were the same, that these states "would also be swamped" with migrants from Bangladesh.

The agitation over the bill has divided Assam itself. They seem to have raised ethnic and communal tensions in a region that has seen much violence and bloodshed along these lines. What the events surrounding the bill suggest is that the region remains a tinderbox of competing communal considerations waiting to explode.

Into this tinderbox, the Supreme Court may have struck a match hoping to shed light in the dark, but can potentially trigger an explosion.

**Supreme Court's Role**

